"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – പഞ്ചായത്ത് ജീവനക്കാര്യം – എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. ടി.എസ്. മരിയഗോരേറ്റിയ്ക്കെതിരായ അച്ചടക്ക നടപടി – ഔപചാരിക അന്വേഷണത്തിന് എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ ജോയ് .കെ .ജെ .യെ- നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.740/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/04/2020

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 31.05.2017-ലെ ഡി2-37084/16 നമ്പർ കത്ത്

2 പഞ്ചായത്ത് ഡയറക്ടറുടെ 06.04.2018-ലെ ഡി2-37084/16 നമ്പർ കത്ത്

3 27.09.2018-ലെ ഇപിബി2/227/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീമതി. ടി.എസ്. മരിയഗോരേറ്റി സമർപ്പിച്ച 19.12.2018-ലെ പ്രതിവാദ പത്രിക

### ഉത്തരവ്

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ അനധികൃത കെട്ടിട നിർമ്മാണം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അത് പൊളിച്ചു നീക്കുന്നതിന് നോട്ടീസ് നല്കിയതല്ലാതെ തുടർ നടപടികൾ സ്വീകരിക്കാതിരുന്ന പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ സൂചന ( 1 ) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. 22.11.2012-ൽ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. ഡെന്നീസ് കൊറയ നോട്ടീസ് നല്കിയിരുന്നുവെങ്കിലും പിന്നീട് 27.02.2015-ൽ സർക്കാരിന്റെ നിർദ്ദേശം ലഭിക്കുന്നതുവരെ ടിയാനോ തുടർന്നുണ്ടായിരുന്ന സെക്രട്ടറിമാരായ ശ്രീ. കെ.എം.അബ്ദുൽ ജലീലോ, ശ്രീമതി. മരിയഗോരേറ്റിയോ നടപടി സ്വീകരിച്ചിട്ടില്ലെന്നും ശ്രീമതി. മരിയ ഗൊരേത്തി സേവനത്തിൽ നിന്ന് വിരമിച്ചതിനാൽ ടിയാരിയ്ക്കെതിരെ സർക്കാർ തലത്തിൽ കെ.എസ്.ആർ. ഭാഗം 3 പ്രകാരം നടപടികൾ സ്വീകരിക്കണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ ചെങ്ങമനാട് വില്ലേജിൽ സർവ്വേ നമ്പർ 355/ 9, 355/11 നമ്പറുകളിൽ ഉൾപ്പെട്ട സ്ഥലത്ത് 378 ച.മീ. വിസ്തീർണ്ണമുള്ളതും അസംബ്ലി വിഭാഗത്തിൽ (കെ.പി.ബി.ആർ, ഡി കാറ്റഗറി) ഉൾപ്പെട്ടതുമായ കെട്ടിട നിർമ്മാണത്തിന് 7.06.2012-ൽ 3/2012-13 നമ്പറായി ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ നിന്ന് പെർമിറ്റ് അനുവദിക്കുകയുണ്ടായെന്നും അനുവദിച്ചിട്ടുള്ള പെർമിറ്റിൽ നിന്ന് വ്യത്യസ്തമായി കൂടുതൽ വിസ്തീർണ്ണത്തിൽ നിർമ്മാണം നടക്കുന്നതായി ബോദ്ധ്യപ്പെട്ടത് പ്രകാരം 500 ച.മീ. മുതൽ 1000 ച.മീ. വരെയുള്ള കെട്ടിട നിർമ്മാണത്തിന് ജില്ലാ ടൗൺ പ്ലാനറുടെ ലേ-ഔട്ട് ആവശ്യമാണെന്നതിനാൽ അതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനോ അല്ലെങ്കിൽ പെർമിറ്റിൽ അധികരിച്ച് നിർമ്മിച്ചിട്ടുള്ള ഭാഗങ്ങൾ പൊളിച്ചുനീക്കുന്നതിനോ 15 ദിവസത്തെ സമയം നൽകി 22.11.2012-ൽ സേവാസംഘം പ്രസിഡന്റിന് ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നല്കിയിരുന്നുവെന്നും എന്നാൽ നോട്ടീസ് നൽകിയതല്ലാതെ മറ്റു തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായി കാണുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് സർക്കാരിന്റെ 27.02.2015-ലെ 3175/ആർ.ബി.1/15 നമ്പർ കത്ത് ലഭിച്ചതിനെത്തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും സ്ഥലപരിശോധന

നടത്തി അസിസ്റ്റന്റ് എഞ്ചിനിയർ സമർപ്പിച്ച റിപ്പോർട്ടിൽ 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ടാണ് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കിയിരുന്നുവെന്നും ആയതിനാൽ ടി റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ള ന്യൂനതകൾ/ചട്ടലംഘനങ്ങൾ സംബന്ധിച്ച് 02.06.2015-ന് സേവാസംഘം പ്രസിഡന്റിന് കത്ത് നൽകുകയുണ്ടായിയെന്നും സർക്കാരിൽ നിന്നും 16.07.2015ൽ ലഭിച്ച കത്തിനെത്തുടർന്ന് അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനീയറെ വീണ്ടും ചുമതലപ്പെടുത്തുകയും പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മാണം നടത്തിയ നിർമ്മാണ പ്രവൃത്തികൾ പൊളിച്ചുനീക്കം ചെയ്യണമെന്നും അല്ലാത്തപക്ഷം കേരള പഞ്ചായത്ത് 235 W പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ച് ടി ക്ഷേത്രം പ്രസിഡന്റിന് നോട്ടീസ് നൽകിയെന്നും ആയതിന് ക്ഷേത്രം പ്രസിഡന്റ് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ അനധികൃത നിർമ്മാണ ഭാഗങ്ങൾ പൊളിച്ചുനീക്കുന്നതിനായി 29.09.2015 തീയതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉത്തരവ് നൽകുകയും ചെയ്തുവെന്നും ഗ്രാമപഞ്ചായത്ത് ഉത്തരവിനെതിരെ ക്ഷേത്രം പ്രസിഡന്റ് ബഹു. ആലുവ മുൻസിഫ് കോടതി മുമ്പാകെ ഒ.എസ്.233/16 നമ്പർ ഹർജി ഫയൽ ചെയ്തിട്ടുള്ളതും 20.5.2016 തീയതിയിൽ ഒരു ഇഞ്ചക്ഷൻ ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തിന് തുടർനടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ലെന്നു കാണുന്നതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അസംബ്ലി ഹാളിന് നിർമ്മാണ അനുമതി നൽകിയത് 07.06.2012-ലാണെന്നും അനുമതിക്ക് വിരുദ്ധമായി കെട്ടിട നിർമ്മാണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 22.11.2012-ൽ ക്ഷേത്രം പ്രസിഡന്റിന് നോട്ടീസ് നൽകിയിട്ടുള്ളതല്ലാതെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് കാണുന്നതായും അതിനാലാണ് പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടുള്ളതെന്നും തുടർന്ന് സർക്കാരിൽ നിന്നും കത്ത് ലഭിച്ചതിന് ശേഷം മാത്രമാണ് തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നും ആയതിനാൽ 22.11.2012 മുതൽ 16.07.2015 വരെയുള്ള കാലയളവിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നവരുടെ ഭാഗത്ത് നിന്നും അനധികൃത നിർമ്മാണം തടയുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ടി കാലയളവിൽ സെക്രട്ടറിയായിരിക്കുകയും 30.04.2017ൽ സേവനത്തിൽ നിന്ന് വിരമിക്കുകയും ചെയ്ത ശ്രീമതി. മരിയഗൊരേറ്റിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീമതി. മരിയഗോരേറ്റിയുടെ ഭാഗത്തുനിന്നും കഠിന ശിക്ഷ ചുമത്താവുന്ന കടുത്ത നിയമ ലംഘനവും അധികാര ദുർവിനയോഗവും കൃത്യവിലോപവും ഉണ്ടായിട്ടുണ്ടെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. മരിയഗോരേറ്റിയ്ക്കെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 (ബി) പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാരിയുടെ പ്രതിമാസ പെൻഷനിൽ നിന്ന് 1000/- രൂപ വീതം 5 വർഷത്തേക്ക് കുറവു വരുത്തുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി. മരിയ ഗോരേറ്റി പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. മരിയഗോരേറ്റിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീമതി. മരിയഗോരേറ്റിയ്ക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി. മരിയ ഗോരേറ്റിയ്ക്കെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എറണാകുളം പഞ്ചായത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ ജോയ് .കെ .ജെ- യെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ , എറണാകുളം

   (പരാമർശം (1) - (4) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീമതി. ടി.എസ്. മരിയഗോരേറ്റി, മുൻ സെക്രട്ടറി, ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/227/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ